**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2753** **06-10-2025 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി - എങ്കക്കാട് സ്ഥാപിച്ച ചാർജിംഗ് സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | വടക്കാഞ്ചേരിയിൽ എങ്കക്കാട് 110 കെ. വി. സബ് സ്റ്റേഷന് സമീപം സ്ഥാപിച്ച ചാർജിംഗ് സ്റ്റേഷൻ സ്ലോ ചാർജിംങ് സംവിധാനത്തിലുള്ളതായതിനാലും ഇവിടെ ചാർജിംഗ് ചെയ്യാൻ കഴിയുന്ന വാഹനങ്ങൾ വളരെ കുറവായതിനാലും ഉപയോഗശൂന്യമായി കിടക്കുന്ന പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **കെ.എസ്.ഇ.ബി.എൽ.**<br><br>വടക്കാഞ്ചേരി എങ്കക്കാട് **110** കെവി സബ്സ്റ്റേഷന് സമീപം സ്ഥാപിച്ച ചാർജിങ് സ്റ്റേഷൻ സ്ലോ ചാർജിംഗ് സംവിധാനത്തിലുള്ളതായതിനാലും ഇവിടെ ചാർജ് ചെയ്യാൻ കഴിയുന്ന വാഹനങ്ങൾ കുറവായതിനാലും ഉപയോഗം കുറവാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇലക്ട്രിക്ക് വാഹനങ്ങളുടെ ചാർജിങ് സാങ്കേതികവിദ്യ സംബന്ധിച്ച് മുൻകാലങ്ങളിൽ ഉണ്ടായിരുന്ന ആശയകുഴപ്പം നീങ്ങി, നിലവിൽ ബഹുഭൂരിപക്ഷം ഇലക്ട്രിക്ക് വാഹനങ്ങളും സി. സി. എസ്.- 2 ചാർജിങ് സംവിധാനമാണ് ഉപയോഗിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | **കെ.എസ്.ഇ.ബി.എൽ.**<br><br>ഇലക്ട്രിക്ക് വാഹനങ്ങളുടെ ചാർജിംഗ് സാങ്കേതിക വിദ്യ സംബന്ധിച്ച് മുൻകാലങ്ങളിൽ ഉണ്ടായിരുന്ന ആശയകുഴപ്പം നീക്കി നിലവിൽ ബഹുഭൂരിപക്ഷം ഇലക്ട്രിക്ക് വാഹനങ്ങളും CCS2 സംവിധാനമാണ് ഉപയോഗിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഇ.വി. ചാർജിംഗ് സ്റ്റേഷനുകളുടെ ഫലപ്രദമായ ഉപയോഗത്തിന് ഭാരത് ഡി. സി.001, സി. എച്ച്. എ. ഡി. ഇ. എം. ഒ. (CHAdeMO) ചാർജറുകൾ മാറ്റി സി. സി. എസ്.-2 ചാർജറുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ; | (സി) | **കെ.എസ്.ഇ.ബി.എൽ.**<br><br>കെ.എസ്.ഇ.ബി-യുടെ ഉടമസ്ഥതയിലുള്ള വൈദ്യുതി വാഹന ചാർജിംഗ് സ്റ്റേഷനുകളിൽ സുഗമമായ ചാർജിങ്ങിനും വിശ്രമത്തിനും ഒരു പോലെ അവസരം ഒരുക്കുന്നതിനായി റിഫ്രഷ് **&** റീച്ചാർജ് (Refresh & Recharge) പദ്ധതി പൊതുസ്വകാര്യ പങ്കാളിത്തത്തിൽ നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. കെ.എസ്.ഇ.ബി.എൽ ഇതുവരെ സ്ഥാപിച്ചിട്ടുള്ള **63** ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകൾ എല്ലാം തന്നെ പുത്തൻ സാങ്കേതികവിദ്യയിലുള്ള **CCS 2** ചാർജിങ് ഉപകരണങ്ങൾ സ്ഥാപിച്ചുകൊണ്ട് കുറഞ്ഞത് നാല് വാഹനങ്ങൾ ഒരേസമയം ചാർജ് ചെയ്യാൻ കഴിയുന്ന രീതിയിലുള്ള നവീകരണമാണ് ലക്ഷ്യമിടുന്നത്. കൂടാതെ, മൊബൈൽ ആപ്പുകൾ ഒഴിവാക്കികൊണ്ടുള്ള പേയ്മെന്റ് സംവിധാനങ്ങളും |

| | | | |
|---|---|---|---|
| | | | ഒരുക്കുന്നതാണ്. പദ്ധതിക്കായി E-tender ക്ഷണിച്ചിട്ടുണ്ട്.<br><br>**<u>അനെർട്ട്</u>**<br><br>EV ചാർജിങ് സ്റ്റേഷനുകളുടെ ഫലപ്രദമായ ഉപയോഗത്തിന് Bharat DC 001, CHAdeMO ചാർജറുകൾ മാറ്റി CCS2 ചാർജറുകൾ സ്ഥാപിക്കുന്ന ജോലികൾ അനെർട്ടിന്റെ ചാർജിംഗ് സ്റ്റേഷനുകളിൽ ആവശ്യമില്ല. ഇതിനുള്ള പ്രധാന കാരണം അനെർട്ട് സ്ഥാപിച്ച DC ഫാസ്റ്റ് ചാർജിങ് മെഷീനുകളിൽ എല്ലാം തന്നെ CCS2 ചാർജിങ് ഗൺ ഉള്ളതിനാൽ EV ചാർജിങ് സ്റ്റേഷനുകൾ ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുന്നവയാണ്. |
| (ഡി) | പ്രസ്തുത സാങ്കേതികവിദ്യ എങ്കക്കാട് ചാർജിംഗ് സ്റ്റേഷനിലും സ്ഥാപിച്ച് ആയത് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; | (ഡി) | **<u>കെ.എസ്.ഇ.ബി.എൽ.</u>**<br><br>റിഫ്രഷ് ആൻഡ് റീച്ചാർജ് പദ്ധതിയിൽ എങ്കക്കാട് ചാർജിംഗ് സ്റ്റേഷനും ഉൾപ്പെടുന്നു. |
| (ഇ) | സി. സി. എസ്. - 2 ചാർജിങ് സ്റ്റാൻഡേർഡിന്റെ പ്രചാരം വർദ്ധിക്കുന്ന സാഹചര്യത്തിൽ ഇത്തരത്തിലുള്ള കൂടുതൽ ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന കാര്യം കെ. എസ്. ഇ. ബി. യുടെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഇ) | **<u>കെ.എസ്.ഇ.ബി.എൽ.</u>**<br><br>**CCS2** ചാർജിങ് സ്റ്റാൻഡേർഡിന്റെ പ്രചാരം വർദ്ധിക്കുന്ന സാഹചര്യത്തിൽ ഇത്തരത്തിലുള്ള കൂടുതൽ സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. എല്ലാ നിയോജകമണ്ഡലങ്ങളിലുമായി, **CAPEX** മാതൃകയിൽ എംഎൽഎ ഫണ്ട് ഉപയോഗിച്ച് അനുയോജ്യമായ സ്ഥലങ്ങളിൽ വൈദ്യുതവാഹനങ്ങളുടെ ചാർജിങ്ങിനായി, ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ കെ.എസ്.ഇ.ബി.എൽ തയ്യാറാക്കിയിട്ടുണ്ട്. എം.എൽ.എ. മാരുമായി ബന്ധപ്പെട്ട് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനും ബന്ധപ്പെട്ട വിവരങ്ങൾ ഒരു നിശ്ചിത ഫോർമാറ്റിൽ സമർപ്പിക്കുന്നതിനും ആവശ്യപ്പെട്ട് കെഎസ്ഇബിഎൽ-ന്റെ വിതരണ വിഭാഗം ഡയറക്ടർ വഴി ബന്ധപ്പെട്ട എല്ലാ ഫീൽഡ് ഓഫീസർമാർക്കും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥലം തിരഞ്ഞെടുക്കുന്നതിന്, ആദ്യഘട്ടം എന്ന നിലയിൽ ഓരോ നിയോജക മണ്ഡലത്തിലും കുറഞ്ഞത് ഒരു ചാർജിംഗ് സ്റ്റേഷൻ എന്ന നിലയിൽ **140** സ്ഥലങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുമെന്ന് കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ